**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 345** **08-06-2021 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട നിയോജകമണ്ഡലത്തിലെ കിള്ളി - EMS അക്കാദമി റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി വഴി അനുമതി ലഭ്യമായതും ടെണ്ടർ നടപടികൾ പൂർത്തിയായതുമായ കാട്ടാക്കട നിയോജകമണ്ഡലത്തിലെ കിള്ളി - ഇ.എം.എസ്. അക്കാദമി റോഡിന്റെ നിർമ്മാണോദ്ഘാടനം നടന്ന് ഒരു വർഷം പിന്നിട്ടിട്ടും ഇതുവരെ പ്രവൃത്തി തുടങ്ങാനായിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) | കിള്ളി ഇ.എം.എസ് അക്കാദമി റോഡ് പദ്ധതി 09.11.2018 ൽ കിഫ്ബി 15.24 കോടി രൂപയ്ക്ക് ധനാനുമതി നൽകിയിരുന്നു. ടി പ്രവൃത്തി ഇതു വരെ തുടങ്ങാനായില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി 11.05.2020 ൽ ടി പദ്ധതിയുടെ എസ്.പി.വി യായ കേരള റോഡ് ഫണ്ട് ബോർഡ് കരാർ നൽകുകയും 11/05/2021 ൽ പൂർത്തീകരിക്കാനാകുമെന്നുമാണ് പ്രതീക്ഷിച്ചിരുന്നത്. പ്രസ്തുത പദ്ധതി, കിഫ്ബി മാനദണ്ഡപ്രകാരം 10 മീറ്റർ (RoW) വീതിയിൽ നടപ്പിലാക്കുന്നതിനാണ് അംഗീകാരം നൽകിയിരുന്നത്. കിഫ്ബി ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗം 31/03/2021ൽ പ്രസ്തുത പദ്ധതിയുടെ സ്ഥല പരിശോധന നടത്തിയിരുന്നു. പ്രസ്തുത പദ്ധതിയുടെ അംഗീകരിച്ച ഡി.പി.ആർ പ്രകാരമുള്ള 10 മീറ്റർ പല സ്ഥലങ്ങളിലും ലഭ്യമല്ല എന്നും അതിനാൽ ശരിയായ ഡ്രെയിനേജ് സംവിധാനവും യൂട്ടിലിറ്റി ഷിഫ്റ്റിങ്ങും സാധ്യമല്ല എന്നതും സ്ഥല പരിശോധനയിൽ കണ്ടെത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ അംഗീകരിച്ച ഡി.പി.ആർ പ്രകാരമുള്ള RoW ലഭ്യമാകുന്നതു വരെ ടി പ്രവൃത്തി നിർത്തി വയ്ക്കുവാനും നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ച് നിലവിലെ കരാർ റദ്ദാക്കുവാനും 17/05/2021 ൽ കിഫ്ബി നിർദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് വേണ്ടുന്ന കുറഞ്ഞ വീതിയായ 10 മീറ്റർ ലഭിക്കുന്ന മുറയ്ക്ക് പദ്ധതി വീണ്ടും കരാർ നൽകി നടപ്പിലാക്കാവുന്നതാണ് എന്ന് എസ്.പി.വി യെ അറിയിച്ചിട്ടുണ്ട്. |
| (ബി) | നടപടിക്രമങ്ങൾ പൂർത്തിയായതിനുശേഷവും പ്രസ്തുത പ്രവൃത്തി തുടങ്ങുന്നതിനുള്ള തടസ്സമെന്തെന്ന് വിശദമാക്കാമോ? | (ബി) | കിള്ളി ഇ.എം.എസ് അക്കാദമി റോഡ് പദ്ധതി 09.11.2018 ൽ കിഫ്ബി 15.24 കോടി രൂപയ്ക്ക് ധനാനുമതി നൽകിയിരുന്നു. ടി പ്രവൃത്തി ഇതു വരെ തുടങ്ങാനായില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി 11.05.2020 |

| | | | |
|---|---|---|---|
| | | | ൽ ടി പദ്ധതിയുടെ എസ്.പി.വി യായ കേരള റോഡ് ഫണ്ട് ബോർഡ് കരാർ നൽകുകയും 11/05/2021 ൽ പൂർത്തീകരിക്കാനാകുമെന്നുമാണ് പ്രതീക്ഷിച്ചിരുന്നത്. പ്രസ്തുത പദ്ധതി, കിഫ്ബി മാനദണ്ഡപ്രകാരം 10 മീറ്റർ (RoW) വീതിയിൽ നടപ്പിലാക്കുന്നതിനാണ് അംഗീകാരം നൽകിയിരുന്നത്. കിഫ്ബി ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗം 31/03/2021ൽ പ്രസ്തുത പദ്ധതിയുടെ സ്ഥല പരിശോധന നടത്തിയിരുന്നു. പ്രസ്തുത പദ്ധതിയുടെ അംഗീകരിച്ച ഡി.പി.ആർ പ്രകാരമുള്ള 10 മീറ്റർ പല സ്ഥലങ്ങളിലും ലഭ്യമല്ല എന്നും അതിനാൽ ശരിയായ ഡ്രെയിനേജ് സംവിധാനവും യൂട്ടിലിറ്റി ഷിഫ്റ്റിങ്ങും സാധ്യമല്ല എന്നതും സ്ഥല പരിശോധനയിൽ കണ്ടെത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ അംഗീകരിച്ച ഡി.പി.ആർ പ്രകാരമുള്ള RoW ലഭ്യമാകുന്നതു വരെ ടി പ്രവൃത്തി നിർത്തി വയ്ക്കുവാനും നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ച് നിലവിലെ കരാർ റദ്ദാക്കുവാനും 17/05/2021 ൽ കിഫ്ബി നിർദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് വേണ്ടുന്ന കുറഞ്ഞ വീതിയായ 10 മീറ്റർ ലഭിക്കുന്ന മുറയ്ക്ക് പദ്ധതി വീണ്ടും കരാർ നൽകി നടപ്പിലാക്കാവുന്നതാണ് എന്ന് എസ്.പി.വി യെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ